I ഇ.ബി. XV - കേരള നിയമസഭ/VII-1

# പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഡിസംബർ 05, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2022 ഡിസംബർ മാസം 05-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I. ചരമോപചാരം

എൻ. എം. ജോസഫ്, കെ. മുഹമ്മദാലി, ആര്യാടൻ മുഹമ്മദ്, കോടിയേരി ബാലകൃഷ്ണൻ, പുനലൂർ മധു, വെങ്ങാനൂർ പി. ഭാസ്കരൻ എന്നിവരുടെ നിര്യാണം

മുൻ മന്ത്രിയും ജനതാദൾ (എസ്) സംസ്ഥാന പ്രസിഡന്റുമായിരുന്ന എൻ. എം. ജോസഫ്, മുതിർന്ന കോൺഗ്രസ് നേതാവും ദീർഘകാലം നിയമസഭാംഗവുമായിരുന്ന കെ. മുഹമ്മദാലി, മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ആര്യാടൻ മുഹമ്മദ്, മുൻമന്ത്രിയും സി.പി.ഐ.(എം.)

സംസ്ഥാന സെക്രട്ടറിയുമായിരുന്ന കോടിയേരി ബാലകൃഷ്ണൻ, മുതിർന്ന കോൺഗ്രസ് നേതാവും നിയമസഭാംഗവുമായിരുന്ന പുനലൂർ മധു, മുൻ നിയമസഭാംഗം വെങ്ങാനൂർ പി. ഭാസ്കരൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II. ചെയർമാൻമാരുടെ പാനൽ

ശ്രീമതിമാർ യു. പ്രതിഭ, സി. കെ. ആശ, കെ. കെ. രമ എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III. അടിയന്തരപ്രമേയം

### സർക്കാർ, അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ പിൻവാതിൽ നിയമനങ്ങൾ

മി. സ്പീക്കർ: പി.എസ്.സി.-യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും നോക്കുകുത്തികളാക്കി സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് ദിവസവേതന, കരാർ നിയമനങ്ങളും താൽക്കാലിക നിയമനങ്ങളും നടത്തുന്നതുമൂലം സംസ്ഥാനത്തെ യുവജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കയും അസംതൃപ്തിയും

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർക്കാർ സ്ഥാപനങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും നിയമനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രിതമായ വ്യാജ പ്രചാരണത്തിലൂടെ ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയും പുകമറയും സൃഷ്ടിക്കാനുള്ള സംഘടിത ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. പി.എസ്.സി.-യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും നോക്കുകുത്തികളാക്കി സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് ദിവസവേതന, കരാർ നിയമനങ്ങളും താൽക്കാലിക നിയമനങ്ങളും സർക്കാർ നടത്തുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. 2016 മേയ് മുതൽ 2021 ഏപ്രിൽ വരെ 161361 പേർക്ക് നിയമനവും 2021 മേയ് മുതൽ 2022 നവംബർ വരെ 37840 പേർക്ക് പി.എസ്.സി. നിയമന ശിപാർശയും നൽകിയിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങി

വിവിധ വകുപ്പുകളിൽ ആവശ്യാനുസരണം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പൊതുമേഖലയിലുള്ള കമ്പനി, ബോർഡ്, കോർപ്പറേഷൻ തുടങ്ങി 52 സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ തീരുമാനിക്കുകയും കോവിഡ് സമയത്ത് 112 റാങ്ക് ലിസ്റ്റുകളിൽനിന്ന് 11000 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയെ വിജ്ഞാനാധിഷ്ഠിതമായി മാറ്റാനും ആധുനിക, വൈജ്ഞാനിക മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി രൂപീകരിച്ച നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. 181 പുതിയ ഐ.ടി. കമ്പനികൾ ആരംഭിച്ച് നിരവധിപേർക്ക് ജോലി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരനിയമനം പി.എസ്.സി. വഴിയും പാർട്ട്ടൈം കണ്ടിജന്റ് തസ്തികകളിലേയ്ക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നടത്തുന്നത്. വ്യക്തമായ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് താത്ക്കാലിക നിയമനങ്ങൾ നടത്തുന്നത്; ഈ നിയമനങ്ങളിലൊന്നും സർക്കാർ ഇടപെടാറില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: പി.എസ്.സി.-യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും നോക്കുകുത്തികളാക്കി ലക്ഷക്കണക്കിന് പിൻവാതിൽ

നിയമനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്. സർക്കാർ, അർദ്ധ സർക്കാർ, കമ്പനി, കോർപ്പറേഷൻ നിയമനങ്ങൾ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നടത്താവൂ എന്ന് നിയമം നിഷ്കർഷിക്കുന്നതിൽനിന്നും വ്യത്യസ്തമായി സംവരണ തത്വങ്ങൾ അട്ടിമറിച്ച് വ്യാപകമായി പിൻവാതിൽ നിയമനം നടത്തുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പിൻവാതിൽ നിയമനം നടത്തുന്നതിലൂടെ പി.എസ്.സി.-യുടെ വിശ്വാസ്യത തകർക്കപ്പെടുകയും അവസര സമത്വം അട്ടിമറിക്കപ്പെടുകയും ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. നിയമവിരുദ്ധ നിയമനങ്ങൾമൂലം യുവജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കയും അസംതൃപ്തിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കഴിഞ്ഞ 6 വർഷത്തിനുള്ളിൽ പി.എസ്.സി.-വഴി 199201 നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 68540 സ്ഥിര/താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്. കേന്ദ്ര സർവ്വീസിൽ ലക്ഷക്കണക്കിന് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ മികച്ച തൊഴിൽ ദാതാവായി പ്രവർത്തിക്കുന്നത്.

വ്യവസ്ഥാപിതമായിട്ടാണ് താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ പി.എസ്.സി. വഴി 494 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പി.എസ്.സി നിയമനങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നിരത്തിയ വാദമുഖങ്ങൾ വസ്തുതാവിരുദ്ധമാണ്. യഥാസമയം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ താത്കാലിക നിയമനം നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്. മുപ്പത് ലക്ഷം പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുമ്പോഴാണ് പിൻവാതിൽ നിയമനങ്ങൾ നടത്തുന്നത്. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽത്ത് സെന്ററുകളിലും പിൻവാതിൽ നിയമനം വ്യാപകമായി നടക്കുകയാണ്. സംവരണതത്വം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടും ഇരുപതിലേറെ സർക്കാർ സ്ഥാപനങ്ങൾ സ്പെഷ്യൽ റൂൾസ് തയ്യാറാക്കാതെ സ്വന്തം നിലയ്ക്ക് നിയമനം നടത്തുകയാണ് ചെയ്യുന്നത്.

സർവ്വകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയിലെ നിയമനം പി.എസ്.സി.-ക്ക് വിട്ട് രണ്ടുവർഷം കഴിഞ്ഞിട്ടും യോഗ്യതയിലുണ്ടായ സാങ്കേതിക പിശക് തിരുത്തിനൽകാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് തയ്യാറാകാത്തതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുന്നില്ല. സി.എം.ഡി., സി-ഡിറ്റ്, സ്പാർക്ക് എന്നിവിടങ്ങളിലും വ്യവസായ സംരംഭകത്വത്തിന്റെ ഭാഗമായി ഇന്റേണുകളെ നിയമിച്ചിരിക്കുന്നത് പിൻവാതിലിലൂടെയാണ്.

(ബഹു. പ്രതിപക്ഷനേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തിയെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ മറ്റ് നടപടികളിലേയ്ക്ക് കടന്നു.)

## IV. ശ്രദ്ധക്ഷണിക്കൽ

### (1) വിഴിഞ്ഞം തുറമുഖ സമരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: കേരളത്തിന്റെ മാത്രമല്ല, രാജ്യത്തിന്റെതന്നെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ കുറച്ചുനാളുകളായി മത്സ്യത്തൊഴിലാളികളിലെ ചെറിയൊരു വിഭാഗം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമരം നടത്തുകയാണ്. കേരള

വികസന ചരിത്രത്തിലെ നാഴികക്കല്ലായി മാറേണ്ട വിഴിഞ്ഞം തുറമുഖ പദ്ധതി കേവലമൊരു തുറമുഖപദ്ധതിയെന്നതിനെക്കാളുപരി ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിൽ വൻമാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുന്നതാണ്. ലോകത്ത് ഇപ്പോൾ സർവ്വീസ് നടത്തുന്ന ഏറ്റവും വലിയ കപ്പൽവരെ നങ്കൂരമിടാൻ കഴിയുന്ന തരത്തിലാണ് വിഴിഞ്ഞം തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിച്ച് തുറമുഖനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിലുള്ള സമരം പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്നും സമരം പദ്ധതിയെ എങ്ങനെ ബാധിച്ചുവെന്നും ഇതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്രയാണെന്നും വിശദമാക്കണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭാഗികമായോ പൂർണ്ണമായോ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൂറുകോടി രൂപയുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കുകയും വിഴിഞ്ഞം നിവാസികളും പരിസരവാസികളും ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങൾ സർക്കാർ ഫണ്ടും കരാർ കമ്പനിയുടെ

സി.എസ്.ആർ. ഫണ്ടും ഉപയോഗിച്ച് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം തുറമുഖ നിർമ്മാണത്തിൽ അഭൂതപൂർവ്വമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള സാഹചര്യത്തിലാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത തുറമുഖ നിർമ്മാണംമൂലം തീരശോഷണമുണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി സമരം ആരംഭിച്ചത്. സമരം ആരംഭിച്ചതുമുതൽതന്നെ മന്ത്രിതലത്തിൽ ചർച്ച നടത്തുകയും അവർ ഉന്നയിച്ച വിവിധ ആവശ്യങ്ങളോട് സർക്കാർ അനുകൂലവും പ്രായോഗികവുമായ സമീപനം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. (വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(ശ്രീ. പി. സി. വിഷ്ണുനാഥ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

(സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചു.)

## V. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ

പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2022- ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം

സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2022- ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

(iv) 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലും 2022- ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലും 2022- ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലും വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലും 2022- ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലും വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാവിലെ 11.38- ന് പിരിഞ്ഞു.

********